Dev.B3/9990/15

പട്ടികജാതി വികസന ഡയറക്ടറേറ്റ്
തിരുവനന്തപുരം. തീയതി: 23/06/15

## അറിയിപ്പ്

2014-15 അധ്യയന വർഷത്തിൽ കോഴിക്കോട് ജില്ലയിൽ വച്ച് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കലാപ്രതിഭകൾക്ക് പ്രോത്സാഹനമായി 10,000/- രൂപ ക്യാഷ് അവാർഡ് അനുവദിക്കുന്ന പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ടി കലോത്സവത്തിൽ 'എ' ഗ്രേഡ് നേടിയവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ, 6 മാസത്തിനകത്തുള്ള ജാതി സർട്ടിഫിക്കറ്റ്, 'എ' ഗ്രേഡ് നേടിയ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, നിശ്ചിത മാതൃകയിലുള്ള വിദ്യാർത്ഥിയുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവ അപേക്ഷകൻ പഠനം നടത്തിയിരുന്ന സ്ഥാപനമേധാവിയുടെ ശുപാർശ രേഖപ്പെടുത്തി **10/07/2015 വൈകുന്നേരം 5 മണിക്ക്** മുമ്പായി ചീഫ് പബ്ലിസിറ്റി ആഫീസർ, പട്ടികജാതി വികസന വകുപ്പ് അയ്യൻങ്കാളി ഭവൻ, കനകനഗർ, കവടിയാർ.പി.ഒ, തിരുവനന്തപുരം - 695003 ഫോൺ നമ്പർ - 0471- 2737218, 2315375 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷകരെ നേരിട്ട് ബന്ധപ്പെടുവാനുള്ള മൊബൈൽ നമ്പർ, പിൻകോഡ് സഹിതമുള്ള വിലാസം എന്നിവ കൃത്യമായി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷയുടെ മാതൃക ജില്ലാ പട്ടികജാതി വികസന ആഫീസുകളിൽ നിന്നും, ഉത്തര/ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടർ മാരുടെ കാര്യാലയത്തിൽ നിന്നും, വകുപ്പിന്റെ വെബ്സൈറ്റായ **www.scdd.kerala.gov.in** മുഖേനയും ലഭിക്കുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ

D/23/06/15

## 2015 ൽ കോഴിക്കോട് ജില്ലയിൽ വച്ച് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് പ്രോത്സാഹന സമ്മാനത്തിന് വേണ്ടിയുള്ള അപേക്ഷ.

അപേക്ഷകന്റെ പേര് (in english block capitals) :

രക്ഷകർത്താവിന്റെ പേര് :

ജാതി, മതം (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണം) :

മേൽവിലാസം (പോസ്റ്റ് ആഫീസ്, പിൻകോഡ് ഫോൺ നമ്പർ സഹിതം) :

പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്, ക്ലാസ്സ് :

ജില്ല :

മത്സര വിഭാഗം, പങ്കെടുത്ത മത്സര ഇനം :

(സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്) :

### സത്യപ്രസ്താവന

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്:

തീയതി: അപേക്ഷകന്റെ പേര്:

### സ്ഥാപനമേധാവിയുടെ ശുപാർശ

അപേക്ഷകൻ/അപേക്ഷക ഈ സ്ഥാപനത്തിലെ...................................... ക്ലാസ് വിദ്യാർത്ഥിയായിരുവെന്നും 2015 ൽ കോഴിക്കോട് ജില്ലയിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ........................ വിഭാഗത്തിൽ ........................... മത്സരത്തിൽ 'എ' ഗ്രേഡ് നേടിയിട്ടുണ്ടെന്ന വിവരവും സാക്ഷ്യപ്പെടുത്തുന്നു

സ്ഥലം:

തീയതി: സ്ഥാപനമേധാവിയുടെ ഒപ്പ്, തീയതി

ആഫീസ് മുദ്ര

D/23/06/15